(ഇ) പ്രസ്തുത മെഷിനറി ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന് ഇന്ത്യൻ മാർക്കറ്റിൽ എന്തു തുകയാണ് അന്ന് വില ഉണ്ടായിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ജി) വി. എച്ച്. ഇ. എൽ. പ്രസ്തുത മെഷിനറി 25 കോടി രൂപയ്ക്ക് നൽകുന്നതാണെന്ന് കെ. എസ്. ഇ. ബി. യെ അറിയിച്ചിരുന്നോ ;

(എച്ച്) ഇപ്പോൾ ഈ പ്രോജക്ടിന് എത്ര കോടി രൂപ ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 50 മെഗാവാട്ട്.

(ബി) 1992-ൽ.

(സി) എസ്. എൻ. സി. ലാവലിൻ എന്ന കമ്പനിക്ക് 45,52,861 കനേഡിയൻ ഡോളറിനാണ് നൽകിയിട്ടുള്ളത്.

(ഡി) കാനഡയിൽ നിന്ന് 2,64,55,525 കനേഡിയൻ ഡോളറിന് എസ്. എൻ. സി. ലാവലിൻ മുഖേനയാണ് വരുത്തിയിട്ടുള്ളത്.

(ഇ) പ്രസ്തുത മെഷിനറി ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(എഫ്) വിവരം ലഭ്യമല്ല.

(ജി&എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കോട്ടപ്പുറം മുനമ്പിന്റെ പണി**

24 (1690) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ-കോട്ടപ്പുറം മുനമ്പിന്റെ പണി ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത മുനമ്പിന്റെ പണി 2000-2001 സാമ്പത്തിക വർഷത്തിൽ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ദേശീയ ജലപാതയിൽ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നിർമ്മിക്കാനുദ്ദേശിക്കുന്ന പതിനൊന്ന് ഉൾനാടൻ ജലഗതാഗത ടെർമിനലുകളിലൊന്നായ കോട്ടപ്പുറം ടെർമിനലിന്റെ നിർമ്മാണത്തിനാവശ്യമായ .5823 ഹെക്ടർ ഭൂമി റവന്യൂവകുപ്പ് 5-11-1999-ൽ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത ടെർമിനൽ നിർമ്മാണത്തിന്റെ പ്രാരംഭമായി വിശദമായ ഡിസൈൻ, പ്ലാൻ ഇവ തയ്യാറാക്കുക, ടെൻഡർ ക്ഷണിക്കുക എന്നീ നടപടിക്രമങ്ങൾ ഇൻലാന്റ് വാട്ടർ വെയ്സ്

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി ഓഫ് ഇൻഡ്യ സ്വീകരിച്ചുവരുന്നുണ്ട്. ദേശീയ ജലപാതയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 11 ടെർമിനലുകൾക്കും കൂടി 14.84 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാർ അനുമതിയും നൽകി കഴിഞ്ഞിട്ടുണ്ട്.

**കല്ലട ജലസേചനപദ്ധതി**

25 (1691) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചനപദ്ധതിയിൽ എൽ. ബി. നമ്പർ 19, 21 എന്നീ സബ് ഡിവിഷനുകൾ കൊട്ടിയത്ത് സ്ഥിതിചെയ്യുന്നുണ്ടോ ;

(ബി) എങ്കിൽ സബ്ഡിവിഷനുകൾ 1987 വരെ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനുകളായിട്ടായിരുന്നോ പ്രവർത്തിച്ചിരുന്നത് ;

(സി) 1987-ന് ശേഷം ഇവ എക്സിക്യൂഷൻ സബ്ഡിവിഷനുകളായി മാറ്റിയോ ; എങ്കിൽ ഇൻവെസ്റ്റിഗേഷൻ പാറ്റേണിലുള്ള ജീവനക്കാർ മാത്രമാണിവിടെ ജോലി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കോടിക്കണക്കിന് രൂപയുടെ കരാർ പണികൾ നടക്കുന്ന ഈ സബ്ഡിവിഷനുകളിൽ മറ്റ് സബ്ഡിവിഷനുകളിൽ നിന്ന് വ്യത്യസ്തമായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു ക്ലാർക്ക് മാത്രമാണോ ഉള്ളത് ;

(ഇ) ഈ ഓഫീസുകളിൽ യു. ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നിവരുടെ ഓരോ തസ്തികകൾ വീതം അനുവദിക്കണമെന്ന് ഉദ്യോഗസ്ഥതലത്തിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഈ ഓഫീസുകളിൽ എക്സിക്യൂഷൻ പാറ്റേണിൽ മറ്റ് സബ്ഡിവിഷൻ ഓഫീസുകളിലെപ്പോലെ യു. ഡി. സി., എച്ച്. സി., തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) മാറ്റി. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അതെ.

(ഇ) ലഭിച്ചിട്ടുണ്ട്.

(എഫ്) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കുറ്റ്യാടി-പെരുവണ്ണാമൂഴി ജലസേചന പദ്ധതി**

26 (1692) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly